(സി) സ്കൂൾ മാനേജ്മെന്റിന് അവകാശവാദമുന്നയിച്ച് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അപേക്ഷകൻ; ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറാണ് നിലവിൽ സർവ്വജന ഹയർ സെക്കണ്ടറി സ്കൂളിന്റെ മാനേജർ.

(ബി) ഉണ്ട്.

(സി) പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂളിന്റെ മുൻ മാനേജർ ശ്രീ. കൃഷ്ണസ്വാമി സ്കൂളിന്റെ മാനേജ്മെന്റ് അവകാശം സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. നമ്പർ 4128/2003 ഹർജിയിലെ 21-11-2014-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും 15-9-2015-ലെ സ.ഉ.(സാധാ)നമ്പർ 4094/2015/പൊ.വി. പ്രകാരം പ്രസ്തുത സ്കൂൾ സർക്കാർ സ്ഥിരമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചും ഇക്കാര്യത്തിൽ അനുയോജ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ

80(2940) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സ്കൂളുകൾ ഏറ്റെടുത്തിട്ട് വർഷങ്ങളായിട്ടും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും അധ്യാപകരുടെയും സർവ്വീസ് സംബന്ധിച്ച് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങളിൽ അടിയന്തര തീരുമാനം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

GPM. 2/241/2020-18

LIBRARY ARCHIVES Kerala Legislative Assembly